# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6707 01.11.2011 ൽ മറുപടിക്ക്

### പാസഞ്ചർ കപ്പാസിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യവാഹനങ്ങളിൽ യാത്രക്കാരെ കൊണ്ടുപോകുന്നതിനുള്ള ഓരോ ഇനം വാഹനങ്ങളുടെയും നിശ്ചയിച്ച പാസഞ്ചർ കപ്പാസിറ്റി എത്രയെന്ന് വ്യക്തമാക്കുമോ; | (എ) മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, എൽ.എം.വി.പി.എസ്.വി. (പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ) ഫോർ പേഴ്സണൽ യൂസ്. ത്രീ വീൽഡ് വെഹിക്കിൾ ഫോർ പേഴ്സണൽ യൂസ് എന്നിവയാണ് സ്വകാര്യ വാഹനങ്ങളിൽപ്പെടുന്നത്. ഇതിൽ മോട്ടോർ സൈക്കിൾ വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ പാസഞ്ചർ കപ്പാസിറ്റി രണ്ടാണ്. ത്രീ വീൽഡ് വെഹിക്കിൾ ഫോർ പേഴ്സണൽ യൂസ് എന്ന വിഭാഗം വാഹനങ്ങളിൽ പാസഞ്ചർ കപ്പാസിറ്റി ഡ്രൈവറെ കൂടാതെ 3 വരെ ആകാവുന്നതാണ്. മോട്ടോർ കാർ എന്ന വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ പാസഞ്ചർ കപ്പാസിറ്റി ഡ്രൈവറെ കൂടാതെ 6 വരെ ആകാവുന്നതാണ്. ഡ്രൈവറെ കൂടാതെ 7-ൽ കൂടുതൽ പാസഞ്ചർ കപ്പാസിറ്റി ഉള്ള വാഹനങ്ങളെയാണ് എൽ.എം.വി.പി.എസ്.വി. ഫോർ പേഴ്സണൽ യൂസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള സ്വകാര്യ വാഹനങ്ങൾ നിശ്ചിത എണ്ണത്തിലും കൂടുതൽ കുട്ടികളെ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇതു സംബന്ധിച്ച് ഗതാഗതവകുപ്പും പോലീസും പരിശോധന നടത്തി കേസുകൾ | (സി) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ ഒഴികെയുള്ള മറ്റു വാഹനങ്ങളുടെ കാര്യത്തിൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ |

| | |
|---|---|
| രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് 2011 - ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വ്യക്തമാക്കാമോ ? | പരിശോധനകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചെക്ക് റിപ്പോർട്ടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

1. തിരുവനന്തപുരം - 263
2. കൊല്ലം - 31
3. പത്തനംതിട്ട - 48
4. ആലപ്പുഴ - 20
5. എറണാകുളം - 50
6. കോട്ടയം - 40
7. ഇടുക്കി - 5
8. കോഴിക്കോട് - 32
9. കണ്ണൂർ - 9
10. വയനാട് - 3
11. കാസർഗോഡ് - 56
12. തൃശ്ശൂർ - 73
13. പാലക്കാട് - 84
14. മലപ്പുറം - 46

ആകെ - 760

പോലീസ് പരിശോധന നടത്തി രജിസ്റ്റർ ചെയ്ത കേസുകൾ ഇപ്രകാരമാണ്

തിരുവനന്തപുരം റൂറൽ - 1
തൃശ്ശൂർ സിറ്റി - 1
കോഴിക്കോട് സിറ്റി - 2
കാസർഗോഡ് - 1

മറ്റ് ജില്ലകളിൽ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ